കൂട്ടകാഷ്വൽ ലീവ്

* 128 [458] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എൻ. ജി. ഒ. മാരിൽ ഒരു വിഭാഗം കഴിഞ്ഞ മാസം പതിമൂന്നാം തീയതി കൂട്ട കാഷ്വൽ ലീവെടുത്തത് എന്തിനായിരുന്നു?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): ശമ്പളനിരക്കുകളും, സേവനവ്യവസ്ഥകളും എന്നിവയെക്കുറിച്ചു വിവിധ സർവ്വീസ് സംഘടനകളും ആവർത്തിച്ചു നടത്തിയിട്ടുള്ള നിവേദനങ്ങളുടെ നേരെ ഗവൺമെൻറ് കൈക്കൊണ്ടിട്ടുള്ള അവഗണനാമനോഭാവത്തിൽ പ്രതിഷേധം രേഖപ്പെടുത്തുവാനാണ് കൂട്ടകാഷ്വൽ ലീവിനു അപേക്ഷിക്കുന്നത് എന്നാണ് അപേക്ഷാഫാറത്തിൽ കാണിച്ചിട്ടുള്ളത്. എന്നാൽ അപേക്ഷാഫാറത്തിൽ കാണിച്ചിരുന്നതല്ല യഥാർത്ഥകാരണമെന്ന് സാഹചര്യങ്ങളിൽ നിന്നു വ്യക്തമാണ്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: അതിൻമേൽ എന്തെങ്കിലും നടപടിയെടുക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അന്ന് കാഷ്വൽ ലീവെടുത്ത ആളുകളുടെ കാഷ്വൽലീവ് പരിശോധിച്ച്, അതിനെസംബന്ധിച്ചുള്ള കാരണങ്ങളും പരിശോധിച്ച് ന്യായമായ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ അല്ലാതെ ഈ പ്രക്ഷോഭണം മുന്നോട്ടു പോകുന്നു എന്നുള്ള ഉദ്ദേശത്തോടുകൂടി കാഷ്വൽലീവെടുത്തിട്ടുള്ള ആളുകളുടെ പേരിൽ നടപടിയെടുക്കാൻ ഗവൺമെൻറ് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

Obituary Reference

മി. സ്പീക്കർ: കേരളത്തിൻെറ രാഷ്ട്രീയ സാമൂഹ്യ സാംസ്ക്കാരിക വിദ്യാഭ്യാസമണ്ഡലങ്ങളിൽ അനന്യസാധാരണമാംവിധം വ്യക്തിമുദ്ര പതിപ്പിച്ച രണ്ടു മഹാത്മാക്കളുടെ—ശ്രീ. മന്നത്തുപത്മനാഭൻെറയും ശ്രീ. ആർ. സുഗതൻെറയും—വേർപാടുമൂലം ദു:ഖസംകുലമായിരിക്കുന്ന ഒരു സന്ദർഭത്തിലാണ് നാം സമ്മേളിച്ചിരിക്കുന്നത്.

9 A. M.)

ശ്രീ. മന്നത്തുപത്മനാഭൻെറ ധന്യജീവിതം കഴിഞ്ഞ മുക്കാൽ നൂറ്റാണ്ടു കാലത്തെ കേരളത്തിൻെറ സാമൂഹ്യ സാംസ്ക്കാരിക രാഷ്ട്രീയ ചരിത്രവുമായി ഇഴുകിച്ചേർന്ന സംഭവബഹുലമായ ഒന്നാണ്. മറ്റാരേയുംകാൾ മന്നം ഒരു കാലഘട്ടത്തിൻെറ തന്നെ പ്രതീകമായിരുന്നു.

യുഗപ്രഭാവനായ ഒരു മഹാപുരുഷൻെറ ചൈതന്യവത്തായ നേതൃത്വമാണ് ശ്രീ. മന്നത്തു പത്മനാഭൻെറ വേർപാടുമൂലം നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിൻെറ വേർപാട് ഏൽപ്പിച്ച ആഘാതത്തിൽ നിന്നും കേരളം ഇപ്പോഴും പൂർണ്ണമായി വിമുക്തിനേടിയിട്ടില്ല. കണ്ണുനീർ വാർത്ത കേരളജനത, അതുല്യവും, അത്യുജ്വലവുമായ ഒരു വ്യക്തിത്വത്തിനു ഉടമയായിരുന്ന ആ അഭിവന്ദ്യനേതാവിനു കഴിഞ്ഞ കുറേ ദിവസങ്ങളായി ആദരാഞ്ജലികളും അർപ്പിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ ബഹുമാനാദരസൂചകങ്ങളായ പദസമൂഹംകൊണ്ട് സമ്പന്നമായ നമ്മുടെ ഭാഷയിലെ അർത്ഥസംപുഷ്ടങ്ങളായ പദങ്ങളും എത്രതന്നെ ആവർത്തിച്ച് പ്രയോഗിച്ചാലും മഹാനായ മന്നത്തു പത്മനാഭൻെറ വ്യക്തിപ്രഭാവത്തെ പ്രകീർത്തിക്കുവാൻ മതിയാകുന്നതല്ല എന്നതാണ് പരമാർത്ഥം.

LIBRARY ARCHIVES Kerala Legislative Assembly